"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ മാസ്റ്റർ പ്ലാനിന്റെ (രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം ഈരാറ്റുപേട്ട ടൗൺ മാസ്റ്റർ പ്ലാൻ-പുനർ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ആർ.ഡി.)വകുപ്പ്

G.O.(Ms)No.162/2025/LSGD തീയതി,തിരുവനന്തപുരം, 04-09-2025

പരാമർശം:-

1. 14.09.2020 -ലെ സ.ഉ(കൈ)നം.134/2020/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
2. 31.07.2021 -ലെ സ.ഉ(കൈ)നം.160/2021/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
3. 19.02.2022 -ലെ സ.ഉ(കൈ)നം.31/2022/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
4. 01.09.2022 -ലെ സ.ഉ(കൈ)നം.207/2022/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
5. ഈരാറ്റുപേട്ട നഗരസഭയുടെ 27/01/2025 തീയതിയിലെ 1/1-ാം നമ്പർ കൗൺസിൽ തീരുമാനം.
6. കോട്ടയം നഗരാസൂത്രകന്റെ 19/03/2025 തീയതിയിലെ എൽ.എസ്.ജി.ഡി/ജെ.ഡി/കെ.ടി.എം/2231/2023-എച്ച്1 നമ്പർ കത്ത്.
7. ഈരാറ്റുപേട്ട നഗരസഭ സെക്രട്ടറിയുടെ 29/04/2025 തീയതിയിലെ ഇ1/6835/2025 നമ്പർ കത്ത്.
8. മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്)- ന്റെ 16/05/2025 തീയതിയിലെ എൽ.എസ്.ജി.ഡി/പി.ഡി/17174/2023-ടിസിപിബി4 നമ്പർ കത്ത്.

ഉത്തരവ്

ഈരാറ്റുപേട്ട മാസ്റ്റർ പ്ലാനിന്റെ കരടിന് പരാമർശം-(1) സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണ അനുമതി നൽകിയിട്ടുള്ളതും കോവിഡ് വ്യാപനത്തിന്റെ

പശ്ചാത്തലത്തിൽ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സമയപരിധി പരാമർശം- (2), (3) & (4) പ്രകാരം 28.02.2023 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

2. പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാനിൽ മാറ്റങ്ങൾ വരുത്തി പ്രസിദ്ധപ്പെടുത്തുന്നതിന് 20.01.2023 ൽ ബഹു. MLA, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), നഗരസഭാ അധികൃതർ എന്നിവരുടെ സാന്നിധ്യത്തിൽ ആലോചനാ യോഗം നടത്തുകയും മാസ്റ്റർ പ്ലാൻ പുനർ പ്രസിദ്ധീകരിക്കുന്ന വിഷയം 09.02.2023 ൽ സ്പെഷ്യൽ കമ്മിറ്റി ചർച്ച ചെയ്യുകയും സ്പെഷ്യൽ കമ്മിറ്റി നിർദ്ദേശിച്ച മാറ്റങ്ങൾ കൂടാതെ മറ്റ 4 പുതിയ വിഷയങ്ങൾ കൂടി ചേർത്ത് മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിന് 21.02.2023 ൽ കൗൺസിൽ തീരുമാനം എടുക്കുകയുണ്ടായി. തുടർന്ന്, കരടു മാസ്റ്റർ പ്ലാനിൽ വീണ്ടും ചില മാറ്റങ്ങൾ വരുത്താൻ 14.02.2024 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. മുൻ കൗൺസിൽ തീരുമാനങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച മാസ്റ്റർ പ്ലാൻ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങളും ഭേദഗതികളും വരുത്തിയത് അംഗീകരിക്കുന്നതിന് 21.02.2024 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്.

3. ഇത്തരത്തിൽ പുതുക്കി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ പരിശോധനക്കായി ചീഫ് ടൗൺ പ്ലാനർക്ക് സമർപ്പിച്ച അവസരത്തിൽ പ്രസ്തുത പ്ലാനിൽ ചില മാറ്റങ്ങൾ വരുത്താൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ, മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ നിന്നും വിഭിന്നമായി ചില പ്രൊപ്പോസലുകൾ നിലനിർത്തിയതിന്റെയും മറ്റ മാറ്റങ്ങൾ വരുത്തിയതിന്റെയും കാരണങ്ങൾ കോട്ടയം ജില്ലാ നഗരാസൂത്രകൻ സൂചന-(6) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം മാറ്റങ്ങൾ വരുത്തി സൂചന-(5) കൗൺസിൽ യോഗം അംഗീകരിച്ച പുതുക്കിയ മാസ്റ്റർ പ്ലാനും അനുബന്ധ രേഖകളും ഉള്ളടക്കം ചെയ്ത് സൂചന-(7) പ്രകാരം ഈരാറ്റുപേട്ട നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയിരുന്നു.

4. ഈരാറ്റുപേട്ട നഗരസഭയുടെ അഭ്യർത്ഥന കണക്കിലെടുത്ത്, സൂചന (7) പ്രകാരം സമർപ്പിച്ച പുതുക്കി തയ്യാറാക്കിയ കരട് ഈരാറ്റുപേട്ട മാസ്റ്റർ പ്ലാനിന്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ മാസ്റ്റർ പ്ലാനിന്റെ (രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം പുനഃ പ്രസിദ്ധീകരണ അനുമതി നൽകുന്നതിന് മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്) സൂചന-(8) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു. അനുമതി നൽകുന്ന ഉത്തരവിൽ, "പ്രസിദ്ധീകരണത്തിന് ശേഷം അന്തിമ അനുമതിക്കായി സമർപ്പിക്കുന്ന മാസ്റ്റർ പ്ലാനിന്റെ horizon period കുറഞ്ഞത് 2041 വരെയാക്കി, അതിനനുസൃതമായ മാറ്റങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്" എന്ന

നിബന്ധന കൂടി ഉൾപ്പെടുത്തണമെന്നും മുഖ്യ നഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ മാസ്റ്റർ പ്ലാനിന്റെ (രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം കരട് ഈരാറ്റുപേട്ട മാസ്റ്റർ പ്ലാനിന് പുനഃപ്രസിദ്ധീകരണ അനുമതി നൽകി, പ്രസ്തുത "മാസ്റ്റർ പ്ലാനിന്റെ horizon period കുറഞ്ഞത് 2041 വരെയാക്കി, അതിനനുസൃതമായ മാറ്റങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്" എന്ന നിബന്ധന കൂടി വ്യവസ്ഥ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANUPAMA T V I A S
SPECIAL SECRETARY

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രനകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, കോട്ടയം (മുഖ്യനഗരാസൂത്രകൻ മുഖേന).
4. സെക്രട്ടറി, ഈരാറ്റുപേട്ട നഗരസഭ.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. ഇൻഫർമേഷൻ ഓഫീസർ, ഐ. & പി.ആർ.ഡി., വെബ് & ന്യൂ മീഡിയ
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 08-09-2025 11:15:07